

**മുൻരാജാക്കൻമാരുടെ തിരുനാളുകൾക്കെല്ലാം പൊന്നും ശീവേലി എഴുന്നള്ളത്തും പ്രത്യേകമായ തുലാപ്പായസവും കുലവാഴച്ചിറപ്പും നടത്തിയിരുന്നു. തുലാപ്പായസനിവേദ്യം ഇപ്പോഴും തുടർന്നു വരുന്നു. വാർഷികച്ചിറപ്പിനു പകരമായി ഇപ്പോൾ ഒരു നിശ്ചിത തുക ക്ഷേത്രത്തിൽ അടയ്ക്കുകയാണു പതിവ്**



കുടുംബത്തിലെ സ്ത്രീകൾക്കാകട്ടെ പള്ളിക്കെട്ടിനു ശേഷമാണ് പടിയും പടിയേറ്റവും നടത്തുന്നത്. ദത്തെടുക്കപ്പെട്ടശേഷം രാജകുടുംബാംഗമായി സ്ഥിരീകരിക്കപ്പെടുന്നതിന് മുമ്പും ഈ ചടങ്ങ് ആവശ്യമാണ്. സിംഹാസനത്തിന് അവകാശം സ്ത്രീക്കാണെങ്കിൽ അപ്പോഴും ഈ ചടങ്ങ് നടത്തേണ്ടതുണ്ട്. റീജന്റായിട്ടല്ലാതെ സ്വതന്ത്രമായി തിരുവിതാംകൂർ ഭരിച്ച ഏക മഹാറാണിയായ റാണി ഗൗരി ലക്ഷ്മിഭായിയുടെ പടിയും പടിയേറ്റവും സവിസ്തരം പ്രതിപാദിക്കുന്ന ക്ഷേത്രരേഖകൾ ഇപ്പോഴും കാണാം. റീജന്റായി നാടുവാഴുമ്പോഴും ഈ അനുഷ്ഠാനം ഒഴിച്ചുകൂടാനാവാത്തതാണ്.

ഈ ചടങ്ങുകൾ അനുഷ്ഠിച്ചവർക്കു മാത്രമേ മരണാനന്തരം ക്ഷേത്രസംബന്ധമായ ബഹുമതികൾ നൽകപ്പെടുന്നുള്ളൂ എന്നത് ചടങ്ങുകളുടെ പ്രാധാന്യത്തെ ഉയർത്തിക്കാട്ടുന്നു. ഇതിന് ഉപോൽബലകമായി നിരവധി ക്ഷേത്രരേഖകൾ നിലവിലുണ്ട്. രാജകുടുംബത്തിലെ ഒരംഗം കാലം ചെയ്യുമ്പോൾ ക്ഷേത്രത്തിൽ നിന്ന് പട്ടും കച്ചയും കൊടുത്തയയ്ക്കുന്നു. നാടുവാണിരുന്ന തമ്പുരാൻ നാടുനീങ്ങുമ്പോഴാകട്ടെ പ്രധാന വിഗ്രഹത്തെ പുതപ്പിക്കുന്ന സ്വർണനൂൽ നെയ്ത പട്ട് തന്നെ ദേഹം മൂടാനായി എടുത്തു മാറ്റപ്പെടുകയാണ് ചെയ്യുന്നത്. അത് പിന്നീട് ചിതയിൽ കത്തിയമരുന്നു. 1991-ൽ മഹാരാജാവ് ശ്രീചിത്തിരതിരുനാൾ രാമവർമ്മയ്ക്ക് ഇത് ലഭിച്ചിരുന്നു. അവിടന്ന് ക്ഷേത്രദർശനത്തിനെത്തുമ്പോൾ നിത്യവും തീർഥവും വട്ടകപ്രസാദവും നൽകിയിരുന്ന പെരിയ നമ്പിതന്നെ അദ്ദേഹത്തിന്റെ നിശ്ചേതനമായ ശരീരത്തിന് മേൽ ഈ പട്ട് പുതപ്പിക്കുകയുണ്ടായി.

ഈ കീഴ്‌വഴക്കങ്ങളിൽ ഉണ്ടായ ഒരു വ്യത്യാസത്തെ പ്പറ്റിയും പരാമർശിക്കേണ്ടതുണ്ട്. **സ്വാതിതിരുനാൾ രാമവർമ്മ പ്രായപൂർത്തിയാവുന്നതുവരെ റാണി ഗൗരി പാർവ്വതിഭായിയായിരുന്നു റീജന്റായി രാജ്യഭരണം നടത്തിപ്പോന്നത്. തുടർന്ന് ഭരണാവകാശം കൈമാറ്റപ്പെട്ടെങ്കിലും തികഞ്ഞ ആദരവ് പുലർത്തിയിരുന്ന അനന്തിരവൻ റാണിയുടെ മേൽ എല്ലാ രാജകീയാധികാരങ്ങളും നിക്ഷിപ്തമാക്കി. റാണി ദിവംഗതയായപ്പോഴും ക്ഷേത്രത്തിൽനിന്ന് ഭരണാധികാരികൾക്ക് മരണസമയത്ത് നൽകുന്ന പട്ട് നൽകുകയും ചെയ്തു.**

ഭരണാധികാരികൾക്കും കുടുംബത്തലവന്മാർക്കുമായി നീക്കിവച്ചിട്ടുള്ള മറ്റൊരു പ്രത്യേകാനുഗ്രഹമുണ്ട്. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ശ്രീ കോവിലിനുള്ളിൽ കത്തുന്ന കെടാവിളക്കിൽ നിന്ന് കൊളുത്തിയ തിരി കൊണ്ടാണ് മൃതശരീരത്തിനു സമീപമുള്ള നിലവിളക്ക് കത്തിക്കുക. ഈ നാളം പിന്നീട് ചിത കത്തിക്കാൻ ഉപയോഗിക്കുന്നു.

മുൻരാജാക്കൻമാരുടെ തിരുനാളുകൾക്കെല്ലാം പൊന്നും ശീവേലി എഴുന്നള്ളത്തും പ്രത്യേകമായ തുലാപ്പായസവും കുലവാഴച്ചിറപ്പും നടത്തിയിരുന്നു. തുലാപ്പായസനിവേദ്യം ഇപ്പോഴും തുടർന്നുവരുന്നു. വാർഷികച്ചിറപ്പിനു പകരമായി ഇപ്പോൾ ഒരു നിശ്ചിത തുക ക്ഷേത്രത്തിൽ അടയ്ക്കുകയാണു പതിവ്.

ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ നിന്ന് രാജകുടുംബത്തിനുമേൽ ഇത്രയെല്ലാം അനുഗ്രഹങ്ങളും വ്യക്തിപരമായ ആനുകൂല്യങ്ങളും വർഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും വലിയ തമ്പുരാന് പ്രധാനപ്പെട്ട നിരവധി ഉത്തരവാദിത്വങ്ങളും അതോടൊപ്പം നിറവേറ്റേണ്ടതായിട്ടുണ്ട്. അവ വിശദീകരിക്കുന്നതിനു മുമ്പ് പ്രസക്തമായ ഒരു ചരിത്രാംശത്തെപ്പറ്റി പരാമർശിക്കട്ടെ.

മധ്യകാലത്ത് രാജ്യത്തിന്റെ അനന്തരാവകാശിയായ ചിറവായി മൂപ്പനും ക്ഷേത്രങ്ങളുടെ പ്രത്യേകിച്ച്, ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിന്റെ ഭരണത്തിന്റെ ചുമതലക്കാരനായ തൃപ്പാപ്പൂർ മൂപ്പനും തമ്മിൽ ഉത്തരവാദിത്വങ്ങൾ പങ്കുവഹിച്ചിരുന്നു. രാമവർമ്മ മഹാരാജാവ് ചിറവായി മൂപ്പനായിരുന്ന കാലത്ത് അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ ആയിരുന്നു തൃപ്പാപ്പൂർ മൂപ്പൻ. അനിഴം തിരുനാളിന് കൈയേൽക്കേണ്ടി വന്നത് അസ്വസ്ഥതയും അരാജകത്വവും നിറഞ്ഞ ഒരു രാജ്യമായിരുന്നു. അവിടന്ന് അധികാരമേറ്റ ശേഷമുള്ള സംഭവങ്ങൾ സുവിദിതമാണ്. ആ പരിതഃസ്ഥിതിയിൽ ശ്രീപദ്മനാഭനോട് ഏറ്റവുമധികം ഉത്ത



രവാദിത്വമുള്ള വ്യക്തിയെന്ന നിലയിൽ നിലവിലിരുന്ന അധികാരാവകാശവിഭജനം അദ്ദേഹം വേണ്ടെന്ന് വയ്ക്കുകയും ക്ഷേത്രഭരണം നേരിട്ട് ഏൽക്കുകയും അങ്ങനെ അതുവരെ പ്രബലമായിരുന്ന എട്ടരയോഗത്തിന്റെ ചിറകുകൾ വെട്ടുകയും ചെയ്തതിനാൽ എല്ലാ ഉത്തരവാദിത്വങ്ങളും നിർവഹിക്കാനുള്ള അവകാശം രാജാവിൽത്തന്നെ വന്നുചേരുകയും അത് രാജഭരണത്തിന്റെ ഒരവിഭാജ്യഘടകമായിത്തീരുകയും ചെയ്തു.

പുഷ്പാഞ്ജലി സ്വാമിയാർ തലവനായുള്ള എട്ടരയോഗത്തിൽ ഭരണമേൽക്കുന്ന രാജാവും തുളുബ്രാഹ്മണരായ ആറു പോറ്റിമാരും കരണത്താക്കുറുപ്പെന്ന ഒരു നായരുമാണ് അംഗങ്ങൾ. സ്വാമിയാരൊഴികെ മറ്റെല്ലാവരും പരമ്പരാഗത കുടുംബത്തിൽ നിന്നുള്ളവരാകുന്നു. യോഗത്തിലെ 'അര'യെന്നത് വലിയതമ്പുരാനാണ്. അരയെന്ന വാക്കിന് അരചനുമായി ബന്ധപ്പെട്ടതെന്ന മറ്റൊരർത്ഥവും നിലവിലുണ്ട്. അതുപ്രകാരം 'രാജാവിന്റെ എട്ടുപേരടങ്ങുന്ന സമിതി' എന്ന് എട്ടരയോഗത്തിന് അർത്ഥം കൽപ്പിക്കാം. അതെന്തായാലും എട്ടരയോഗത്തിന്റെ സമ്മേളനങ്ങളിൽ രാജാവും സ്വാമിയാരും ഒഴിച്ചുകൂടാനാവാത്ത അംഗങ്ങളാണ്. ഇപ്പോൾ അത് നടപടികൾ ശരിവയ്ക്കുന്ന ഒരു സമിതി മാത്രമാണ്. നിയമപ്രകാരം തന്നെ ഇപ്പോൾ വലിയ തമ്പുരാനാണ് പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ മുഖ്യ ട്രസ്റ്റി.

വലിയ തമ്പുരാനായി സ്ഥാനാരോഹണം നടത്തിക്കഴിഞ്ഞാൽ അദ്ദേഹം അനുഷ്ഠിക്കേണ്ട സ്വകാര്യവും ദിവ്യവുമായ ഒരു ചടങ്ങാണ് തിരുമുടിക്കലശം. ഭരണാധികാരിയുടെ ദിവ്യത്വം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന തന്ത്രിയാണ് ഇത് നിർവഹിക്കുന്നത്. വലിയ തമ്പുരാനായി ഉത്സവത്തിൽ പങ്കുകൊള്ളുന്നതിന് ഇത് ഒരു മുന്നുപാധിയാകുന്നു.

ക്ഷേത്രദർശനത്തിനെത്തുന്ന വലിയതമ്പുരാന്റെ മുന്നിൽ നടക്കുന്ന ബ്രാഹ്മണൻ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ശ്രീ പദ്മനാഭസ്വാമിക്ക് തൃപ്പടിദാനമായി സമർപ്പിച്ച അതേ വാൾ ഇപ്പോഴും കൈയിലേന്തുന്നു. സന്ദർഭോചിതമായി വലിയ തമ്പുരാൻ തന്നെ വിശേ



**വലിയ തമ്പുരാനായി സ്ഥാനാരോഹണം നടത്തിക്കഴിഞ്ഞാൽ അദ്ദേഹം അനുഷ്ഠിക്കേണ്ട സ്വകാര്യവും ദിവ്യവുമായ ഒരു ചടങ്ങാണ് തിരുമുടിക്കലശം**



ഷാവസരങ്ങളിൽ ആ വാൾ അവകാശപൂർവം സ്വയം വഹിക്കുന്നു. ഒറ്റയ്ക്ക് കുടുംബാംഗങ്ങളാരുമില്ലാതെ ആരാധന നടത്തുവാനും അദ്ദേഹത്തിന് അവകാശമുണ്ട്.

**വലിയതമ്പുരാനായി ഒരാൾ പുതുതായി സ്ഥാനാരോഹണം ചെയ്യുമ്പോൾ ഒരു പുതിയ നിവേദ്യം ആരംഭിക്കാറുണ്ട്. അദ്ദേഹത്തിന്റെ യാത്രകൾക്കുമുണ്ട് നിബന്ധനകൾ. നഗരത്തിൽനിന്ന് പുറത്തുപോകുമ്പോൾ അങ്ങനെ മാറിനിൽക്കുന്ന ഓരോ ദിവസവും ഒരു നിശ്ചിതതുക പിഴയായി കെട്ടിവയ്ക്കുകയും പ്രായശ്ചിത്തമായി ക്ഷേത്രത്തിൽ പായസം കഴിപ്പിക്കുകയും വേണം. ക്ഷേത്രത്തിനോട് ബാധ്യതയുള്ള വ്യക്തിയെന്ന നിലയ്ക്ക് തന്റേതല്ലാത്ത കുറ്റങ്ങൾക്കുപോലും പലപ്പോഴും അദ്ദേഹത്തിന് പിഴ ഒടുക്കേണ്ടിവരാറുമുണ്ട്.**

ഉത്സവാനുജ്ഞയ്ക്കും ബ്രഹ്മകലശത്തിനും തിരുവിളക്കിനും എന്ന പോലെതന്നെ ആറാട്ടിനുശേഷവും വിഷുവിനും ഈശ്വരനെ തുയിലുണർത്തുന്നതിനും വലിയ തമ്പുരാന്റെ സാന്നിധ്യം ആവശ്യമാണ്. രണ്ടു വാർഷികോത്സവങ്ങളിലും പ്രത്യേക ശീവേലികളിലും ശീവേലിപ്പുരകളിലൂടെയുള്ള മൂന്നു പ്രദക്ഷിണങ്ങളിൽ ആദ്യത്തേതിൽ വിഗ്രഹങ്ങളെ അനുഗമിക്കാനും ചരിത്രപ്രസിദ്ധമായ ഉടവാൾ പിടിച്ചുകൊണ്ട് പള്ളിവേട്ട നടത്താനും വേട്ട, ആറാട്ട് എന്നീ എഴുന്നള്ളിപ്പുകൾ നയിക്കാനും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട വ്യക്തിയാണ് അവിടന്ന്. ആറാട്ട് കഴിഞ്ഞ് മടങ്ങിയെത്തുന്ന മൂർത്തികളെ കോട്ടയ്ക്കുള്ളിൽവച്ച് സ്വീകരിക്കുകയെന്നതും അവിടത്തെ ഉത്തരവാദിത്വമാകുന്നു. അനാരോഗ്യംകൊണ്ടോ അശുദ്ധികൾ കൊണ്ടോ അവിടത്തേക്കു പള്ളിവേട്ടയ്ക്കും ആറാട്ടിനും പങ്കെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ അവിടത്തെ അനുമതിയോടെ എട്ടരയോഗത്തിലെ അംഗവും ക്ഷേത്രകാര്യങ്ങളുടെ നടത്തിപ്പ് നേരിട്ട് നിർവഹിക്കുന്ന ആളുമായ പോറ്റി ഉടവാളുമേന്തി പകരക്കാരനായി ഘോഷയാത്രയിൽ പങ്കെടുക്കുന്നു.

ഭഗവാന്റെ തിരുനാളെന്ന് വിശ്വസിക്കപ്പെടുന്ന ചിങ്ങത്തിലെ തിരുവോണദിവസം അഞ്ചു വിരൽ വീതിയിലുള്ള തങ്കക്കസവു മുണ്ടും രണ്ടായിരം രൂപയും ശ്രീപദ്മനാഭനും ഓരോ കസവുമുണ്ട് ശ്രീനരസിംഹമൂർത്തിക്കും ശ്രീകൃഷ്ണസ്വാമിക്കും കാഴ്ചവയ്ക്കുന്നു. രണ്ട് ഓണവില്ലുകളിൽ ഒന്ന് ഭരണാധികാരികൾക്ക് അവകാശപ്പെട്ടതാണ്.

വിഷുവിൻനാൾ പെരിയനമ്പിയിൽ നിന്ന് ഐശ്വര്യത്തിന്റെ സൂചനയായി വലിയതമ്പുരാൻ ഒരു നാണയം സ്വീകരിക്കുന്നു. ശ്രീപദ്മനാഭസ്വാമിയുടെ പ്രതിപുരുഷനായിട്ടാണ് നമ്പി നാണയം നൽകുന്നത്.

മകരശ്ശീവേലിക്കും കർക്കിടകശ്ശീവേലിക്കും ഏഴു ദിവസം നീണ്ടുനിൽക്കുന്ന ഏഴാംദിവസം ദീപം കത്തിക്കുന്ന ഭദ്രദീപമെന്ന വിപുലമായ ചടങ്ങു നിലനിന്നിരുന്നു. രാജാവ് ആ ദിവസങ്ങളിൽ അനേകം നിയന്ത്രണങ്ങൾക്ക് വിധേയനായിരിക്കും. ദിവസങ്ങളോളം പ്രാർത്ഥനയിലും മൗന

ത്തിലും ഉപവാസത്തിലും കഴിയുന്ന രാജാവ് ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ സംസ്കൃതത്തിൽ മാത്രം സംസാരിച്ചിരുന്നു. ഭരണാധികാരിയുടെയും കുടുംബത്തിന്റെയും സമ്പൽസമൃദ്ധിക്കു** വേണ്ടിയായിരുന്നു ഭദ്രദീപം നടത്തപ്പെട്ടിരുന്നത്. രാഷ്ട്രീയമായ മാറ്റങ്ങളോടെ സ്വന്തം ഐശ്വര്യത്തിനു വേണ്ടി നടത്തപ്പെട്ടിരുന്ന ഈ ആചാരം ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് നിറുത്തുകയും ആ തുക കൂടി ക്ഷേത്രസംബന്ധമായ മറ്റു പൊതുകാര്യങ്ങൾക്കായി നീക്കിവയ്ക്കുകയും ചെയ്തു.

ഇപ്പോൾ പ്രസക്തമല്ലെങ്കിലും ഒരിക്കൽ അവയ്ക്കുണ്ടായിരുന്ന പ്രാധാന്യം കണക്കിലെടുത്ത് രണ്ട് മഹാദാനങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കേണ്ടിയിരിക്കുന്നു. പ്രാചീന ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള പതിനാറ് മഹാദാനങ്ങളിൽ ഏറ്റവും പ്രമുഖവും ആർഭാടപൂർണമായവയുമാണ് ഹിരണ്യഗർഭവും തുലാപുരുഷദാനവും. ഒരു നിശ്ചിത കാലയളവ് ഭരണാധികാരിയായി വാണതിനുശേഷം മാത്രമേ ഹിരണ്യഗർഭം നടത്താനുള്ള അർഹത ഒരു രാജാവിന് കൈവരുന്നുള്ളൂ. കുലശേഖരമണ്ഡപത്തിന്റെ ഒരു മൂലയിൽ ഇന്ന് കാണപ്പെടുന്ന വലിയ ശിലാപാത്രത്തിൽ തീർഥജലം നിറയ്ക്കുകയും അതിൽ രാജാവ് മുങ്ങുകയും ചെയ്തിരുന്നു. ആ ശിലാപാത്രം അനേകം മഹാസംഭവങ്ങളുടെ മൂകസാക്ഷിയായി ഇപ്പോഴും നിലകൊള്ളുന്നു. ശരിക്കുള്ള ഹിരണ്യഗർഭം പിന്നീടാണ് നടക്കുക. തുലാപുരുഷദാനം ഇതിന്റെ തുടർച്ചയായോ മറ്റൊരവസരത്തിൽ പ്രത്യേകമായോ നടത്താം. ഈ അനുഷ്ഠാനങ്ങൾക്കു ശേഷം മാത്രമേ കുലശേഖരപ്പെരുമാൾ എന്ന അതിപുരാതനവും അമൂല്യവുമായ സ്ഥാനപ്പേര് വഹിക്കാൻ രാജാക്കൻമാർക്ക് സാധിച്ചിരുന്നുള്ളൂ എന്നത് ഇവയുടെ പ്രാധാന്യത്തെ വിളംബരം ചെയ്യുന്നു. ഈ സന്ദർഭങ്ങളിൽ മാത്രമാണ് ശ്രീപദ്മനാഭസ്വാമിയുടെ പവിത്രപാദങ്ങൾ മുദ്രണം ചെയ്തിട്ടുള്ള പുരാതന കിരീടം കാർമികനായ തന്ത്രി ഈ രാജാക്കൻമാരെ അണിയിക്കാറുള്ളതും.

ശ്രീപദ്മനാഭസ്വാമിയോടുള്ള അഗാധമായ ഭക്തിയിൽ നിന്നു ജനിച്ചതും ആ ഭക്തിയാൽ പോഷിപ്പിക്കപ്പെട്ടതും ആ ഭക്തിയിൽ തുടർന്നു വളർന്നുകൊണ്ടിരിക്കുന്നതും ആയ ഉദാത്തവിധേയത്വവുമായി ബന്ധപ്പെട്ട ഈ സ്ഥാപനത്തിന്റെ ഒരു സാമാന്യരൂപരേഖ ഇങ്ങനെ അവതരിപ്പിച്ചിരിക്കയാണ്. ഉടയവനായ സ്വാമി തനിക്ക് ഇഷ്ടന്മാരായ ദാസന്മാരെക്കൊണ്ട് തന്റെ ദൈവികശാസനയാൽ തലമുറകളായി സ്തുതിഗീതങ്ങൾ ഉച്ചത്തിൽ ആലാപനം ചെയ്യിച്ചുകൊണ്ട് അവരുടെ ഹൃദയതന്ത്രികളെ ഇപ്പോഴും മീട്ടിക്കൊണ്ടിരിക്കുന്നു.

(അശ്വതി തിരുനാൾ ഗൗരി ലക്ഷ്മീഭായി തമ്പുരാട്ടി ഇംഗ്ലീഷിലെഴുതിയ ശ്രീപദ്മനാഭസ്വാമി ടെമ്പിൾ എന്ന ഗ്രന്ഥം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ച ശ്രീപദ്മനാഭസ്വാമിക്ഷേത്രം എന്ന പുസ്തകത്തിൽ നിന്ന്)

## സൂചിക

*ഈ സമർപ്പണകർമത്തിനുശേഷം എല്ലാ പുരുഷാംഗങ്ങൾക്കും പ്രസ്തുതസ്ഥാനപ്പേർ ലഭിക്കുന്നു. വലിയ തമ്പുരാനാകുമ്പോഴാണ് അത് ലഭിക്കുന്നതെന്നുള്ള പൊതുവായ വിശ്വാസം ശരിയല്ല.

** ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് ഭാഗ്യദോഷത്താൽ ഭദ്രദീപം ഒരിക്കൽ അണയാനിടയായി. ഇതു കേട്ടപ്പോൾ അത് തന്റെ അവസാനത്തെ ഭദ്രദീപമാണെന്ന് അവിടന്ന് പ്രഖ്യാപിച്ചു. അതു ശരിയാവുകയും ചെയ്തു.

ശ്രീപദ്മനാഭദാസനെന്ന സ്ഥാനപ്പേർ നേടുന്നതിനായി ഒറ്റക്കൽ മണ്ഡപത്തിൽവച്ചു ശ്രീപദ്മനാഭസ്വാമിക്കു സമർപ്പിച്ചതായ തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഈ ശാഖയിൽ ഇന്നു ജീവിച്ചിരിക്കുന്ന അംഗങ്ങൾ–

- ശ്രീപദ്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ വലിയതമ്പുരാൻ
- ശ്രീപദ്മനാഭദാസ മൂലം തിരുനാൾ രാമവർമ്മ ഇളയ രാജ
- ശ്രീപദ്മനാഭദാസ പൂരുരുട്ടാതി തിരുനാൾ മാർത്താണ്ഡവർമ്മ
- ശ്രീപദ്മനാഭദാസ അശ്വതി തിരുനാൾ രാമവർമ്മ
- ശ്രീപദ്മനാഭദാസ അവിട്ടം തിരുനാൾ ആദിത്യവർമ്മ

*കുലവാഴച്ചിറപ്പ്*

ശ്രീ ചിത്തിര തിരുനാൾ നാടുനീങ്ങിയതിനുശേഷം ആദ്യമായി വന്ന തിരുനാളിനു പഴയതുപോലെ പൂർണമായ തോതിൽ ഒരു കുലവാഴച്ചിറപ്പു നടത്തുകയുണ്ടായി.

# ക്ഷേത്രത്തിലെ തന്ത്രം

ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ തന്ത്രം സങ്കീർണവും അസാധാരണവുമാണ്. അനുഷ്ഠാനഗ്രന്ഥത്തെയും പദ്ധതിസമ്പ്രദായത്തെയും അടിസ്ഥാനപ്പെടുത്തി പലനിലകളിൽ തന്ത്രം നടത്തുന്ന പത്തു ക്ഷേത്രങ്ങളേ കേരളത്തിലുള്ളൂ. അതിൽ ആറെണ്ണം ഈ ക്ഷേത്രത്തിലെ തന്ത്രിമാരായ തരണനല്ലൂർ നമ്പൂതിരിപ്പാടന്മാരുടെ നിയന്ത്രണത്തിലാണ്. ആ നിലയ്ക്ക് തന്ത്രസമുച്ചയത്തെ പിന്തുടരുന്ന ഭൂരിപക്ഷം ക്ഷേത്രങ്ങളെ അപേക്ഷിച്ച് ചടങ്ങുകളിലും കർമ്മങ്ങളിലും ചില വ്യതിയാനങ്ങൾ നിലവിലുണ്ട്.


ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ ലക്ഷദീപം
ഫോട്ടോ: വിനോദ് രവീന്ദ്രൻ